(ബി) എല്ലാ ഡിസ്പെൻസറികളിലും ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ഡിസ്പെൻസർ തസ്തിക മാത്രമുള്ള 91 ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ തസ്തിക സൃഷ്ടിക്കുന്നതിന് ആയുഷ് വകുപ്പിന് പൊതുവായി അനുവദിച്ചിട്ടുള്ള 300 തസ്തികകളിൽ ഫാർമസിസ്റ്റിന്റെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) ഹോമിയോപ്പതി ഡിസ്പെൻസറികളിൽ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹോമിയോ ഫാർമസിസ്റ്റുമാരുടെ റേഷ്യോ പ്രൊമോഷൻ

278 (5003) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ 2:1 അനുപാതത്തിലുള്ള റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ;

&

(ബി) കാലതാമസം പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിന് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും അതിൽനിന്ന് റേഷ്യോ പ്രൊമോഷൻ നൽകുകയുമാണ് ചെയ്തുവന്നിരുന്നത്. എന്നാൽ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാതെപോയ ഏതാനും ചില ഫാർമസിസ്റ്റുമാരുടെ പരാതികൾ കൂടി പരിശോധിച്ച് ലിസ്റ്റ് പരിഷ്കരിക്കുന്നതിനുള്ള സത്വരനടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രഡേഷൻ

279 (5004) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ആയുഷ് വകുപ്പിലെ 2313134/ആയുഷ് എ 1/234/2018 എന്ന ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി ഭാരതീയ ചികിത്സാ ഡയറക്ടറിൽനിന്നും കൂടുതൽ വിവരങ്ങൾ തേടിയിട്ടുണ്ടോ; എങ്കിൽ എന്നാണ് വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ;

&

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ നിന്നും ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് വിവരങ്ങൾ ലഭ്യമാകാൻ താമസിക്കുന്നതെന്നും ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച തുടർ നടപടിയും വിശദമാക്കാമോ?

ചെറുവട്ടൂർ സർക്കാർ ആയുർവ്വേദ ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ എ 1-234/2018/ആയുഷ് നമ്പർ ഫയൽ പ്രകാരം പരിശോധിച്ചിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, ടി ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ആവശ്യകത വ്യക്തമാക്കി, ടി ഡിസ്പെൻസറിക്ക് അടുത്തുള്ള മറ്റ് ആശുപത്രികളുടെ വിവരങ്ങൾ സഹിതം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ 25-5-2018-ലെ എ 1/234/2018/ആയുഷ് നമ്പർ കത്ത് പ്രകാരം ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം 10-6-2019-ലെ ബി2-16792/2015 നമ്പർ കത്ത് പ്രകാരം ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും ആയുഷ് വകുപ്പിന്റെ പാക്കേജിൽ പ്രസ്തുത പ്രൊപ്പോസൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ 19-7-2019-ലെ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയത് പ്രകാരമുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഇ) നൂറ് കണക്കിന് രോഗികൾ നിത്യേന ആശ്രയിക്കുന്ന നെല്ലിക്കുഴി പഞ്ചായത്തിലെ ചെറുവട്ടൂരിൽ പ്രവർത്തിക്കുന്ന ആയൂർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.